MONDAY

09/03/2026

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. K S Editor : Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/03/2026

1. കൃഷിസമൃദ്ധി' പദ്ധതി നടപ്പിലാക്കുന്ന 107 പഞ്ചായത്തുകളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ സംഗമം നടത്തുന്നു. ഇന്ന് (2026 മാർച്ച് 9 ന്) രാവിലെ 10.00 മണിക്ക് ആലപ്പുഴ, പഗോഡ റിസോർട്സിൽ വച്ച് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുന്നു.

2. നഗരപ്രദേശങ്ങളിൽ കൃഷിരീതികൾ വ്യാപകമാക്കുന്നതിന്റെ ഭാഗമായി വെള്ളായണി സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നൊവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫറിന്റെ (CAITT) ആഭിമുഖ്യത്തിൽ ടെറസ് ഫാമിംഗിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വീടിന്റെ പരിമിതമായ സ്ഥലസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി എങ്ങനെ വിഷരഹിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാം എന്നതിന് മുൻഗണന നൽകിയാണ് പരിശീലനം. നഗരങ്ങളിലെ പരിമിതമായ സ്ഥലത്ത് കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ എല്ലാ സാങ്കേതിക വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ "ഹാൻഡ്ബുക്ക് ഓൺ അർബൻ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അഗ്രിക്കൾച്ചർ" എന്ന പുസ്തകവും, കൃഷി സംബന്ധമായ സംശയങ്ങൾ ഉൽപ്പന്നങ്ങളുടെ വിപണനത്തിനുമായി ദൂരീകരിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ https://www.urbanagri.coav.in എന്ന ഇ-കോമേഴ്സ് ഓൺലൈൻ പ്ലാറ്റഫോമും സഹായകമാണ്. പരിശീലനത്തിൽ ടെറസിലെ കൃഷിരീതികൾ, പോട്ടിംഗ് മിശ്രിതം തയ്യാറാക്കുന്ന വിധം, കീടരോഗ നിയന്ത്രണം, ജലസേചന സംവിധാനങ്ങൾ, നൂതന കൃഷിരീതികളായ ഹൈഡ്രോപോണിക്സ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നൽകുന്നു. 'മട്ടുപ്പാവ് കൃഷി' എന്ന വിഷയത്തിൽ അടുത്ത ബാച്ചുകളിലേക്കുള്ള പരിശീലനം മാർച്ച് 10-സോയിൽ മ്യൂസിയം പാറോട്ടുകോണം, മാർച്ച് 13-ന് ആർ. എ. റ്റി. റ്റി. സി കഴക്കൂട്ടം, മാർച്ച് 17-ന് സി. അച്യുതമേനോൻ ഫൗണ്ടേഷൻ പൂജപ്പുര, എന്നിവിടങ്ങളിൽ വെച്ച് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും caittvellayani@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ 8891540778 എന്ന ഫോൺ നമ്പറിലോ (9 മുതൽ 5 മണി വരെ) ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം ഫാമിലെ പശുക്കളുടെ കറവയ്ക്ക് ആവശ്യമായ ഡബിൾ ബക്കറ്റ് മിൽക്കിംഗ് മെഷീനും, അനുബന്ധ സാധനങ്ങളുടെയും വില സംബന്ധിച്ചുള്ള മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ടിൻ്റെ പേരിൽ അയക്കുന്ന ക്വട്ടേഷൻ കവറിന് പുറത്ത് മിൽക്കിംഗ് മെഷീൻ വില സംബന്ധിച്ചുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി 11/03/2026-ന് പകൽ 11 വരെയാണ്. നിശ്ചിത പരിധിക്കുള്ളിൽ ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിയ്ക്ക് തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഏജൻസിയുടെ പേരിൽ ക്വട്ടേഷൻ താല്ക്കാലികമായി ഉറപ്പിക്കുന്നതും ആയിരിക്കും. അടിയന്തര സാഹചര്യത്തിൽ ഏതൊരു കാരണവും കൂടാതെ ക്വട്ടേഷൻ നടപടികൾ അവസാനിപ്പിക്കുന്നതിന് ഫാം സൂപ്രണ്ടിന് അധികാരമുണ്ടായിരിക്കും. സർക്കാരിന്റെ എല്ലാ ക്വട്ടേഷൻ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും കൂടുതൽ

ff



വിവരങ്ങൾക്ക് ഫാം ആഫീസ് ഫോൺ നമ്പർ 0471-2732962 ൽ ബന്ധപ്പെടാവുന്നതാണ്.

## കാർഷിക നിർദേശം

4. അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്ന സാഹചര്യത്തിൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഒാരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും രണ്ട് മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്ക വിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിന് മുകളിൽ മണ്ണിട്ടുമൂടണം. ചകിരി അടുക്കുന്നതു കൊണ്ടുള്ള ഗുണം 5-7 വർഷക്കാലം നിലനിൽക്കും. ചകിരിക്കുപകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ഓരോവർഷവും തടത്തിലിട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും. തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടമായ ചെമ്പൻ ചെല്ലികളെ നിയന്ത്രിക്കുന്നതിന് 250ഗ്രാം വേപ്പിൻ പിണ്ണാക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് 250ഗ്രാം മണലുമായി ചേർത്ത് ഓലക്കവിളിൽ നിക്ഷേപിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ തെങ്ങിൻ തടിയിലെ ദ്വാരങ്ങൾ കണ്ടുപിടിച്ച് മുകളിലത്തെ ദ്വാരങ്ങൾ ഒഴികെ മറ്റെല്ലാദ്വാരങ്ങളും അടച്ചതിനുശേഷം മുകളിലത്തെ ദ്വാരത്തിലൂടെ ഇമിഡാക്ലോപ്രിഡ് തെങ്ങൊന്നിന് 5 മില്ലി 10ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒഴിച്ചു കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം